കേരള സർക്കാർ
സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ടൗൺഹാൾ നവീകരണത്തിന് കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും വായ്പയെടുക്കുന്നതിന് നോർത്ത് പറവൂർ നഗരസഭയ്ക്ക് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം778/15/തസ്വഭവ തിരുവനന്തപുരം, തീയതി : 18.03.2015

പരാമർശം - 1.സ.ഉ.(എം.എസ്)നം.147/2009/തസ്വഭവ തീയതി 29/07/2009.
2. നഗരസഭ ഡയറക്ടറുടെ 29/09/14 തീയതിയിലെ ഡി.ബി3 16479/14 നമ്പർ കത്ത്

ഉത്തരവ്

എറണാകുളം ജില്ലയിലെ നോർത്ത് പറവൂർനഗരസഭയിൽ കേസരി ബാലകൃഷ്ണപിള്ള മെമ്മോറിയൽ ടൗൺ ഹാൾ നവീകരണത്തിന് കെ.യു.ആർ.ഡി.എഫ്.സി -യിൽ നിന്നും 68,38,000/-(അറുപത്തി എട്ട് ലക്ഷത്തി മുപ്പത്തി എണ്ണായിരം രൂപ) വായ്പയെടുക്കുന്നതിന് സർക്കാർ അനുമതിക്കായി പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ നഗരസഭയ്ക്ക് കേസരി ബാലകൃഷ്ണപിള്ള മെമ്മോറിയൽ ടൗൺ ഹാൾ നവീകരണത്തിന് പരാമർശം (1) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും 12% പലിശ നിരക്കിൽ 68,38,000/-(അറുപത്തി എട്ട് ലക്ഷത്തി മുപ്പത്തി എണ്ണായിരം രൂപ) വായ്പ എടുക്കുന്നതിന് കേരള ലോക്കൽ അതോറിറ്റീസ് ലോൺ ആക്ട് സെക്ഷൻ (3) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
കെ.എസ്.ശോഭന
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ
സെക്രട്ടറി, നോർത്ത് പറവൂർ നഗരസഭ
മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി. തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ / ആഡിറ്റ്), കേരളം,തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എൽ.ബി.എ&എ), തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ